"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സാമൂഹ്യനീതി വകുപ്പ് - സംസ്ഥാനത്തെ മാനസികവെല്ലുവിളി നേരിടുന്ന വനിതകളുടെ പുനരധിവാസത്തിനായുള്ള പ്രിയാ ഹോം എന്ന സ്ഥാപനത്തിൻറെ പ്രവർത്തനങ്ങൾക്കും ടി സ്ഥലത്ത് പുനരധിവാസഗ്രാമം ആരംഭിക്കുന്നതിനുള്ള മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിനുമായി തുക വിനിയോഗിക്കുന്നതിനു ഭരണാനുമതി നൽകികൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാമൂഹ്യനീതി (എ) വകുപ്പ്**

സ.ഉ.(സാധാ) നം.107/2025/SJD തീയതി,തിരുവനന്തപുരം, 19-05-2025

---

പരാമർശം:-
1. സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ 11.03.2025-ലെ എസ്.ജെ.ഡി/826/2025-ഡി.2 നമ്പർ കത്ത്.
2. 22.04.2025-ൽ കൂടിയ വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ നടപടിക്കുറിപ്പ്.

**<u>ഉത്തരവ്</u>**

2025-2026 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനയിൽ 2235-02-001-96-പ്ലാൻ ശീർഷകത്തിൽ ഭരണസംവിധാനം മെച്ചപ്പെടുത്തൽ എന്ന പദ്ധതിയ്ക്കായി സാമൂഹ്യനീതിവകുപ്പിന് 6,00,00,000/- രൂപ വകയിരുത്തിയിട്ടുണ്ട്. മാനസികവെല്ലുവിളി നേരിടുന്ന വനിതകളുടെ പുനരധിവാസത്തിനായി കൊല്ലം ജില്ലയിൽ വെളിയം വില്ലേജിൽ സാമൂഹ്യനീതി വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന പ്രിയാഹോമിലെ താമസക്കാരുടെ പുനരധിവാസം, ജീവനക്കാരുടെ വേതനം, പ്രിയാഹോം നിലനിൽക്കുന്ന ഭൂമിയിൽ പുനരധിവാസഗ്രാമം നിർമ്മിക്കുന്നതിനുള്ള മാസ്റ്റർപ്ലാൻ തയ്യാറാക്കൽ എന്നീ പദ്ധതികൾക്കായി ഈ സാമ്പത്തിക വർഷം 50,32,100/- രൂപ ചെലവ് പ്രതീക്ഷിക്കുന്നുവെന്നും, പ്രസ്തുത തുക നടപ്പുസാമ്പത്തികവർഷത്തെ മേൽപ്പറഞ്ഞ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയിൽനിന്ന് ചെലവഴിക്കുന്നതിനുള്ള ഭരണാനുമതി നൽകണമെന്നും അഭ്യർത്ഥിച്ച് സാമൂഹ്യനീതിവകുപ്പ് ഡയറക്ടർ പരാമർശം 1-പ്രകാരം പ്രപ്പോസൽ സമർപ്പിച്ചിരുന്നു.

2. പരാമർശം 2-പ്രകാരമുള്ള വകുപ്പുതല വർക്കിംഗ് ഗ്രുപ്പ് യോഗത്തിൽ ഈ വിഷയം പരിഗണിക്കുകയും ഭരണാനുമതി നൽകാവുന്നതാണെന്ന് ശിപാർശ ചെയ്യുകയുമുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2025-2026 സാമ്പത്തികവർഷത്തെ 2235-02-001-96-പ്ലാൻ ശീർഷകത്തിൽ 'ഭരണസംവിധാനം മെച്ചപ്പെടുത്തൽ' എന്ന പദ്ധതിക്ക് സാമൂഹ്യനീതി വകുപ്പിനായി വകയിരുത്തിയിട്ടുള്ള 6,00,00,000/- രൂപയിൽ നിന്ന് 50,32,100/- രൂപ (അമ്പതുലക്ഷത്തി മുപ്പത്തിരണ്ടായിരത്തി ഒരുനൂറ് രൂപ മാത്രം) മാനസികവെല്ലുവിളി നേരിടുന്ന

വനിതകളുടെ പുനരധിവാസത്തിനായി കൊല്ലം ജില്ലയിലെ വെളിയം വില്ലേജിൽ പ്രവർത്തിക്കുന്ന പ്രിയഹോമിലെ താമസക്കാരുടെ പുനരധിവാസം, ജീവനക്കാരുടെ വേതനം, പുനരധിവാസഗ്രാമം നിർമ്മിക്കുന്നതിനുള്ള മാസ്റ്റർപ്ലാൻ തയ്യാറാക്കൽ എന്നിവയ്ക്കായി താഴെ പറയും പ്രകാരം തുക വിനിയോഗിക്കുന്നതിനു സാമൂഹ്യനീതി വകുപ്പ് ഡയറക്ടർക്ക് ഭരണാനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| | |
|---|---|
| പ്രിയ ഹോമിലെ താമസക്കാരുടെ പുനരധിവാസം, ജീവനക്കാരുടെ വേതനം | Recurring- 24,89,100/-<br>Non recurring- 10,43,000/ |
| Total | 35,32,100/- |
| പുനരധിവാസഗ്രാമം നിർമ്മിക്കുന്നതിനുള്ള മാസ്റ്റർപ്ലാൻ തയ്യാറാക്കൽ | 15,00,000/- |
| Grand Total | 50,32,100/- |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സൺദേവ്. എൻ
ജോയിന്റ് സെക്രട്ടറി

ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ.ആന്റ്.ഇ/ഓഡിറ്റ്), കേരളം,
തിരുവനന്തപുരം
ധനകാര്യ (വെൽഫയർ വിംഗ്) വകുപ്പ്
ചീഫ്, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് (സോഷ്യൽ സർവീസസ് ഡിവിഷൻ),
പട്ടം, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ ഡിവിഷൻ,
വിവര പൊതുജനസമ്പർക്ക വകുപ്പ് (സർക്കാർ
വെബ്-സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ഓഫീസ് പകർപ്പ് / കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Vipin S D
Date: 20-05-2025 10:46:20
സെക്ഷൻ ഓഫീസർ